പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 8153

24-07-2012 - ൽ മറുപടിക്ക്

## അക്ഷയ കേന്ദ്രങ്ങളും തൊഴിലവസരങ്ങളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. പി. സജീന്ദ്രൻ :<br>ശ്രീ. പി. എ. മാധവൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ വഴി എന്തെല്ലാം തൊഴിലവസര-ങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ശരാശരി 2500 കുടുംബങ്ങൾക്ക് ഒരു അക്ഷയ കേന്ദ്രം എന്ന നിലയിൽ കേരളത്തിൽ രണ്ടായിരത്തിൽപ്പരം അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ട്. കൂടുതൽ ജി2സി, ബി2സി സേവനങ്ങൾ നടപ്പിൽ വരുത്തുന്നതനുസരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ നേരിട്ടും അല്ലാതെയും സൃഷ്ടിക്കപ്പെടുന്നു. ഇപ്പോൾ അക്ഷയ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആധാർ പദ്ധതി, ആരോഗ്യ ഇൻഷുറൻസ് എന്നീ സേവനങ്ങൾക്കായി ഗ്രാമീണ മേഖലയിലുള്ള അക്ഷയ സെന്ററുകളിലും ധാരാളം തൊഴിലവരങ്ങൾ ഉണ്ടാകുന്നുണ്ട്. അക്ഷയ സെന്ററുകളിലും അക്ഷയ സംസ്ഥാന ജില്ലാ ഓഫീസുകളിലുമായി ഇപ്പോൾ ഏകദേശം 20000 പേർക്ക് നേരിട്ടും അല്ലാതെയും തൊഴിലവസരം ലഭിക്കുന്നുണ്ട്. |
| (ബി) അക്ഷയ കേന്ദ്രങ്ങൾ വഴി ഭാവിയിൽ എത്ര തൊഴിലവസര ങ്ങൾ സൃഷ്ടിക്കപ്പെട്ടു വെന്നാണ് കരുതുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഇൻഡ്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന്റെ ഭാഗമായി ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചു. ഇ-ഡിസ്ട്രിക്ട് പദ്ധതിയും അത് പോലുള്ള മറ്റ് ജി2സി, ബി2സി സേവനങ്ങളും ഇ-ലേണിംഗ് കോഴ്സുകളും ധാരാളമായി അക്ഷയയിലൂടെ നൽകിയാൽ ഭാവിയിൽ ഓരോ അക്ഷയ സംരംഭകന്റെയും കീഴിൽ 20 മുതൽ 25 വരെ ജീവനക്കാർ ഉണ്ടാകാനുള്ള സാധ്യതയേറെയാണ്. ഈ വിധത്തിൽ ഭാവിയിൽ 50000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | (സി) പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച് കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിൽ അക്ഷയയിലൂടെ വിജയകരമായി നടപ്പിലാക്കി വരുന്ന ഇ-ജില്ല പദ്ധതി മറ്റ് 12 ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചു. കൂടുതൽ ബി2സി, ജി2സി സേവനങ്ങൾ അക്ഷയയിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ